പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്ന് വളരെ ഗുരുതരമായ പ്രശ്നമാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. തെരുവ് നായ്ക്കൾ കടിച്ച് ആളുകൾ മരിക്കുന്നു. ശ്രീമതി മേനകാ ഗാന്ധി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ വരെ അവഹേളിച്ചിരിക്കുകയാണ്. മുഖ്യമന്ത്രി വായ് തുറക്കുന്നില്ലെന്നാണ് പറയുന്നത്. ശ്രീമതി മേനകാ ഗാന്ധി ഒരു ഹിപ്പോക്രാറ്റായി മാറിയിരിക്കുകയാണ്. കേരളത്തിലെ ജനങ്ങളുടെ സുരക്ഷിതത്വം വളരെ അപകടകരമായ സ്ഥിതിയിലേക്ക് മാറിയിരിക്കുകയാണ്. അങ്ങയെ ഞങ്ങൾ വന്ന് കണ്ട് നോട്ടീസ് നൽകിയതാണ്. അത് ഇന്ന് എടുക്കേണ്ടതായിരുന്നു. ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. കേരളത്തിൽ നായ്ക്കൾ കടിച്ച് ആളുകൾ മരിക്കുന്ന ഗുരുതരമായ സ്ഥിതിയാണ് ഉണ്ടായിരിക്കുന്നത്. മുഖ്യമന്ത്രിയെ വരെ അവഹേളിക്കത്തക്ക നിലയിൽ സംസാരിക്കാൻ ശ്രീമതി മേനകാ ഗാന്ധിക്ക് ആരാണ് അധികാരം കൊടുത്തിട്ടുള്ളത്; ആരാണീ മേനകാ ഗാന്ധി? കേരളത്തിലെ ജനങ്ങളുടെ ജീവനെ പന്താടുകയാണ്. ഗൗരവമേറിയൊരു വിഷയമാണ് അങ്ങയുടെ മുൻപിൽ അവതരിപ്പിച്ചത്. അതുകൊണ്ട് അങ്ങ് അനുവദിക്കേണ്ടതായിരുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്.

<u>മി. സ്പീക്കർ:</u> അടിയന്തരപ്രമേയത്തിനുള്ള നോട്ടീസുണ്ടെന്ന് പറഞ്ഞ് രാവിലെ 8.20-ന് ആണ് ശ്രീ. കെ. സി. ജോസഫ് എന്നെ ബന്ധപ്പെട്ടത്. ചട്ടം 130 പ്രകാരം പ്രമേയമുള്ളതുകൊണ്ട് അത് നാളേയ്ക്ക് ആക്കിക്കൂടെയെന്ന് ആരാഞ്ഞപ്പോൾ അദ്ദേഹം അത് അംഗീകരിക്കുകയാണ് ചെയ്തത്. അതുകൊണ്ട് അത് നാളെ എടുക്കാം.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> ഇത് അടിയന്തരപ്രമേയായി എടുക്കേണ്ടൊരു വിഷയമാണെന്നാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയത്.